(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇടപ്പോൺ 220 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണം ഏതാണ്ട് പൂർത്തി ആയിട്ടുണ്ട്. ഭരണിക്കാവിൽ നിന്നും ഇടപ്പോണിലേക്കുള്ള 220 കെ.വി. ലൈനിന്റെ നിർമ്മാണം 4-5-2001-ൽ ടാറ്റാ പ്രോജക്ട്സ് ലിമിറ്റഡ്, ഹൈദരാബാദ് എന്ന സ്ഥാപനത്തിന് നൽകിയിരുന്നെങ്കിലും, പ്രസ്തുത സ്ഥാപനം കരാർ നിരക്കുകൾ വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടതിനെ തുടർന്ന് പ്രസ്തുത പണിക്ക് പുനർ ദർഘാസ് ക്ഷണിക്കാൻ വിദ്യുച്ഛക്തി ബോർഡ് തീരുമാനിക്കുകയും പുനർ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയും ചെയ്യുന്നു.

(ബി) മാർച്ച് 2007-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ഭരണിക്കാവിൽ നിന്നും ഇടപ്പോണിലേക്കുള്ള 220 കെ.വി. ലൈനിന്റെ നിർമ്മാണത്തിനായുള്ള പുനർ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. കൂടാതെ പദ്ധതിയുടെ പുരോഗതി യഥാസമയം വിലയിരുത്തി കുറവ് വന്ന ഭാഗം പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.

ചേർപ്പ് സെക്ഷൻ ഓഫീസ് മേജർ സെക്ഷൻ ഓഫീസായി ഉയർത്തുന്നതിന് നടപടി

80 [1202] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ ഇരിങ്ങാലക്കുട ഡിവിഷന്റെ കീഴിൽ ചേർപ്പ് സെക്ഷൻ ഓഫീസ് മേജർ സെക്ഷൻ ഓഫീസായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ;

(ബി) ചേർപ്പ് മേജർ സെക്ഷൻ ഓഫീസിന്റെ കീഴിൽ ചിറയ്ക്കൽ, പെരുങ്ങോട്ടുകര സെക്ഷൻ ഓഫീസുകൾ കൊണ്ടുവരുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) വല്ലച്ചിറയിൽ പുതിയ സെക്ഷൻ ഓഫീസ് തുറക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) പെരുങ്ങോട്ടുകര സെക്ഷന്റെ കീഴിൽ ചിറ്റൂർ ഗ്രാമപഞ്ചായത്തിൽ ആലപ്പാട് ഒരു കളക്ഷൻ സെന്റർ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മേജർ സെക്ഷൻ എന്ന ആശയം ഇപ്പോൾ നിലവിലില്ല. പുനർ രൂപീകരണ ഉത്തരവ് പ്രകാരം സെക്ഷനുകളും മേജർ സെക്ഷനുകളും സെക്ഷൻ ഓഫീസുകളായി പുനർ നാമകരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബാധകമല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) പരിശോധനയിൽ ആവശ്യം ഉചിതമാണെന്ന് കാണുകയും വാടക കൂടാതെ സ്ഥല സൗകര്യം ലഭ്യമാകുകയും ചെയ്യുമെങ്കിൽ പരിഗണിക്കാവുന്നതാണ്.

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതി സബ് സ്റ്റേഷനുകൾ

81 [1203] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ 2001 മേയ് മാസത്തിനുശേഷം നാളിതുവരെയായി എത്ര വൈദ്യുതി സബ് സ്റ്റേഷനുകൾ പുതുതായി പ്രവർത്തനം ആരംഭിച്ചുവെന്നും ഇപ്പോൾ പ്രവർത്തന പുരോഗതിയിലുള്ള സബ് സ്റ്റേഷനുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) ഇക്കാലയളവിൽ പ്രസ്തുത മണ്ഡലത്തിലെ വിവിധ സെക്ഷൻ ഓഫീസ് പരിധിയിൽ പുതുതായി എത്ര വൈദ്യുതി കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) അവിടെ ഏതെല്ലാം സിംഗിൾ ഫേയ്സ് ലൈനുകൾ ത്രീ ഫേയ്സ് ലൈനാക്കി മാറ്റിയെന്നും ദൈർഘ്യമെത്രയെന്നും എത്ര പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചെന്നും എവിടെയെല്ലാമാണെന്നും ഇപ്പോൾ അംഗീകാരം ലഭിച്ചതും ഉടൻ നടപ്പിലാക്കുവാൻ കഴിയുന്നതുമായ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ 2001 മേയ് മാസത്തിനുശേഷം താഴെപ്പറയുന്ന സബ് സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തു.

1. 110 കെ.വി. സബ് സ്റ്റേഷൻ, ഏഴിമല.
2. 33 കെ.വി. സബ് സ്റ്റേഷൻ, പരിയാരം.

ഇപ്പോൾ പ്രവർത്തന പുരോഗതിയിലുള്ളത് 33 കെ.വി. സബ് സ്റ്റേഷൻ, പയ്യന്നൂർ ടൗൺ ആണ്.

(ബി) ഇക്കാലയളവിൽ പ്രസ്തുത മണ്ഡലത്തിൽ പുതുതായി 20,022 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(സി) കല്ലേറ്റുകടവ്, മൂശാരികോവിൽ, കണ്ടൻകുളങ്ങര, മാത്തിൽ, കടന്നപ്പള്ളി, വെള്ളോറ, ഗാന്ധി മൈതാനം, ഏഴിമല, മാട്ടുമ്മൽകളരി, തലായി, വടത്തൂർ, കിസാൻകോവിൽ, എം.വി. റോഡ്, അനൂർ, കൊടക്കത്തറ, കുറ്റൂർ, ഓലയമ്പാടി, എരളം (സൗത്ത്) തുടങ്ങിയ സ്ഥലത്തെ സിംഗിൾ ഫെയ്സ് ലൈനുകൾ ത്രീ ഫെയ്സ് ലൈനുകൾ ആക്കി മാറ്റിയിട്ടുണ്ട്. അവയുടെ ദൈർഘ്യം 31.836 കി.മീ. ആണ്.

LIBRARY ARCHIVES Kerala Legislative Assembly